നമ്പർ: NEP3/59397/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി 27/12.2010

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - സംസ്ഥാനതലത്തിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കുള്ള ഐ.ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.10.2010-ലെ NEP3-82862/2007/DPI നമ്പരായുള്ള സർക്കുലർ.

പൊതുവിദ്യാഭ്യാസ മേഖലയിൽ വിവരവിനിമയസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നമ്മുടെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരികയാണ്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ബഹുമുഖമായ സാധ്യതകൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ മത്സരബുദ്ധിയോടെ ഉപയോഗപ്പെടുത്തുന്നതിനും ഐസിടി രംഗത്ത് ബഹുമുഖ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് വർഷം തോറും സ്കൂൾ ഐടി മേള സംഘടിപ്പിച്ചുവരുന്നു.

ഹൈസ്കൂൾ ക്ലാസുകളിൽ ഐസിടിയുമായി പരിചയപ്പെടുകയും അത് പാഠ്യ-പാഠ്യേതര രംഗങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്ത കുട്ടികളാണ് ഇപ്പോൾ ഹയർസെക്കന്ററി തലത്തിലുള്ളത്. തന്നെയുമല്ല ഹയർസെക്കന്ററി വിഭാഗത്തിൽ കൂടി ഐസിടി പദ്ധതി സർക്കാർ വ്യാപിപ്പിച്ചിരിക്കുകയാണ്. ആയതിനാൽ ഈ വർഷം മുതൽ ഹയർസെക്കന്ററി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സംസ്ഥാന സ്കൂൾ ഐടി മേളയിലെ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. 2010-2011 അധ്യയനവർഷം മുതൽ സംസ്ഥാന തലത്തിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം ഐ.ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ് സംസ്ഥാനതല ഐടി മത്സരങ്ങൾ നടത്തുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരുക്കേണ്ടതാണ്. ഐ.ടി മത്സരങ്ങളെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ ഗവൺമെന്റ്/ എയിഡഡ്/അൺഎയിഡഡ് (അംഗീകൃതം) സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ കുട്ടികൾക്ക് ഐടി മത്സരങ്ങളിൽ പങ്കെടുക്കാം.
2. റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർഥികൾക്ക് സംസ്ഥാനതലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹത യുണ്ടായിരിക്കും.
3. സ്വതന്ത്ര സോഫ്ട്വെയർ അധിഷ്ഠിതമായാണ് എല്ലാ മത്സരങ്ങളും നടത്തേണ്ടത്.
4. ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഓരോ ഇനത്തിലും വെവ്വേറെ മത്സരങ്ങൾ ഉണ്ടായിരിക്കും.

5. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾ ഹയർസെക്കന്ററി വിഭാഗത്തിലാണ് മത്സരിക്കേണ്ടത്.

6. വിജയികൾക്ക് കാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ട്രോഫികളും നൽകുന്നതാണ്.

7. സംസ്ഥാനതലത്തിൽ ആറിനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.

**ഇനങ്ങൾ**

| ഹൈസ്കൂൾ | | ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി | |
|---|---|---|---|
| 1 | ഡിജിറ്റൽ പെയിന്റിംഗ് | 1 | ഡിജിറ്റൽ പെയിന്റിംഗ് |
| 2 | മൾട്ടിമീഡിയ പ്രസന്റേഷൻ | 2 | മൾട്ടിമീഡിയ പ്രസന്റേഷൻ |
| 3 | വെബ്പേജ് നിർമ്മാണം | 3 | വെബ്പേജ് നിർമ്മാണം |
| 4 | ഐ ടി പ്രോജക്ട് | 4 | ഐ.ടി ക്വിസ് |
| 5 | ഐ.ടി ക്വിസ് | | |
| 6 | മലയാളം ടൈപ്പിംഗ് | | |

**1 ഡിജിറ്റൽ പെയിന്റിംഗ് മത്സരം**

i) ഡിജിറ്റൽ പെയിന്റിംഗ് മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ട് വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

ii) Xpaint, GIMP ഇവയിൽ ഏതെങ്കിലും ഒരു സോഫ്ട്‌വെയറായിരിക്കണം ഉപയോഗിക്കേണ്ടത്.

iii) ഡിജിറ്റൽ പെയിന്റിംഗ് മത്സരത്തിന്റെ വിഷയം (ആശയം) മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iv) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

**2 മൾട്ടീമീഡിയ പ്രസന്റേഷൻ മത്സരം**

i) മൾട്ടീമീഡിയ പ്രസന്റേഷൻ മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ട് വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

ii) Open Office Impress സോഫ്ട്‌വെയറാണ് മത്സരത്തിനായി ഉപയോഗിക്കേണ്ടത്.

iii) മൾട്ടിമീഡിയ പ്രസന്റേഷൻ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iv) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

V) മൾട്ടിമീഡിയ പ്രസന്റേഷൻ തയ്യാറാക്കുന്നതിന് ആവശ്യമായ റിസോഴ്സുകൾ(ചിത്രങ്ങൾ, ശബ്ദഫയലുകൾ തുടങ്ങിയവ) മത്സരത്തിനായി തയ്യാറാക്കുന്ന കമ്പ്യൂട്ടറുകളിൽ ലഭ്യമാക്കുന്നതാണ്.

## 3 വെബ്പേജ് തയ്യാറാക്കൽ മത്സരം

i) വെബ്പേജ് തയ്യാറാക്കൽ മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ട് വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

ii) HTML ഉപയോഗിച്ചായിരിക്കണം വെബ്പേജ് തയ്യാറാക്കേണ്ടത്. (Java script, style sheet എന്നിവ അനുവദനീയമല്ല)

iii) വെബ്പേജ് തയ്യാറാക്കൽ മത്സരത്തിന്റെ വിഷയം മത്സരം ആരംഭിക്കുന്നതിന് പത്ത് മിനിട്ട് മുമ്പായി പങ്കെടുക്കുന്നവർക്ക് നൽകുന്നതാണ്.

iv) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി ഒരു മണിക്കൂർ ആയിരിക്കും.

## 4 മലയാളം ടൈപ്പിംഗ് മത്സരം

i) മലയാളം ടൈപ്പിംഗ് മത്സരം ഹൈസ്കൂൾ വിഭാഗത്തിനു മാത്രമായിരിക്കും.

ii) മത്സരത്തിന്റെ സമയദൈർഘ്യം പരമാവധി 15 മിനിട്ട് ആയിരിക്കും.

iii) അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഡിജിറ്റൽ രൂപത്തിൽ തന്നിരിക്കുന്ന മലയാളം ഖണ്ഡിക ടൈപ്പ് ചെയ്യണം.

iv) മത്സരം സോഫ്ട്വെയർ അധിഷ്ഠിതമായാണ് നടത്തുന്നത്.

## 5 ഐ.ടി പ്രോജക്ട് മത്സരം

i) ഐ.ടി പ്രോജക്ട് മത്സരം ഹൈസ്കൂൾ വിഭാഗത്തിനുമാത്ര മായിരിക്കും.

ii) ഐ.ടി പ്രോജക്ട് മത്സരം വ്യക്തിഗതമായിരിക്കണം

iii) ഹൈസ്കൂൾതല ഐ.ടി പാഠപുസ്തകത്തിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും വിഷയമോ സാമൂഹ്യ പ്രസക്തിയുള്ള മറ്റേതെങ്കിലും വിഷയമോ തെരഞ്ഞെടുത്ത് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

iv) ഐ.ടി നൈപുണികളുടെ പ്രയോഗസാധ്യതയുള്ള വിഷയത്തിന് മുൻഗണന ലഭിക്കുന്നതാണ്.

v) പ്രോജക്ട് റിപ്പോർട്ടിന്റെ മൂന്നു കോപ്പികൾ, പ്രോജക്ട് അവതരണത്തിനായി തയ്യാറാക്കുന്ന പ്രസന്റേഷൻ സ്ലൈഡുകളുടെ (ഐടി@സ്കൂൾ ഗ്നൂലിനക്സ്/ഉബുണ്ടുവിൽ തയ്യാറാക്കിയത്) ഒരു പ്രിന്റൗട്ട് എന്നിവ മത്സരത്തിന് 7 ദിവസം മുമ്പായി ഐ.ടി@സ്കൂൾ പ്രോജക്ട്, എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ലഭിക്കത്തക്ക വിധത്തിൽ അയച്ചുകൊടു ക്കേണ്ടതാണ്.

vi) പ്രോജക്ട് അവതരണത്തിനുള്ള (പ്രസന്റേഷന്റെ സഹായ ത്തോടെ) പരമാവധി സമയം 15 മിനിട്ടായിരിക്കും. (10 മിനിട്ട് അവതരണത്തിനും 5 മിനിട്ട് അഭിമുഖത്തിനുമായിരിക്കും).

6 **ഐ.ടി ക്വിസ് മത്സരം**

i) ഐടി ക്വിസ് മത്സരം ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ രണ്ട് വിഭാഗങ്ങൾക്കും ഉണ്ടായിരിക്കും.

ii) നിത്യജീവിതത്തിൽ ഐ.ടിയുടെ സഹായങ്ങൾ ഉപയോഗപ്പെടുത്തുന്ന മേഖലകൾ, ഐ.ടിയുടെ വളർച്ചയ്ക്ക് മികച്ച സംഭാവനകൾ നൽകിയ വ്യക്തികൾ/സ്ഥാപനങ്ങൾ, നൂതനമായ ഐ.ടി സങ്കേതങ്ങൾ, പൊതു വിജ്ഞാനം, ഐടി പാഠപുസ്തകങ്ങളിലെ വിവരങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.

ii) തുല്യത വരികയാണെങ്കിൽ കൂടുതൽ ചോദ്യങ്ങൾ നൽകി ഒന്നാം സ്ഥാനം കണ്ടെത്തുന്നതാണ്.

11. ഒരു ആശയത്തെ/വിഷയത്തെ അടിസ്ഥാനമാക്കി നടക്കേണ്ട ഓരോ മത്സരത്തിന്റെയും വിഷയം മത്സരം ആരംഭിക്കുന്നതിന് 10 മിനിട്ട് മുമ്പായി മത്സരിക്കുന്ന കുട്ടികളെ അറിയിക്കേണ്ടതാണ്.

12. ഐടി@സ്കൂൾ എഡ്യൂബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഉപയോഗിക്കേണ്ടത്. എല്ലാ കുട്ടികൾക്കും ഒരേ സൗകര്യങ്ങളുള്ള സിസ്റ്റങ്ങൾ തന്നെ നൽകുന്നതിന് പരമാവധി ശ്രമിക്കേണ്ടതാണ്.

13. റവന്യൂജില്ലകളിൽ നിന്നുള്ള മത്സരാർത്ഥികളുടെ പേരുവിവരം ഓൺലൈനായി നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

14. മത്സരങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടാവുകയാണെങ്കിൽ ഫലപ്രഖ്യാപനം കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ നിശ്ചിത ഫീസായ ₹1000/- സഹിതം റവന്യൂജില്ലാ ടീം മാനേജർ മുഖേന സമർപ്പിക്കുന്ന പരാതികൾ മാത്രമേ അപ്പീൽകമ്മിറ്റി പരിഗണിക്കുകയുള്ളൂ. അപ്പീൽകമ്മിറ്റിയുടെ തീരുമാനം പരാതിക്കാരന് അനുകൂലമാണെങ്കിൽ തുക തിരികെ നൽകേണ്ടതും മറിച്ചായാൽ തുക മേളയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

15. സംസ്ഥാനതല ഐ.ടി. മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേഡിനനുസരിച്ചുള്ള ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കും. എ, ബി, സി എന്നീ മൂന്ന് ഗ്രേഡുകൾക്ക് മാത്രമാണ് ഗ്രേസ് മാർക്ക് നൽകുന്നത്. എല്ലാ മത്സരങ്ങൾക്കും ചുവടെ ചേർക്കുന്ന ക്രമത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കാവുന്നതാണ്.

| സ്കോർ | ഗ്രേഡ് | അനുവദിക്കാവുന്ന മാർക്ക് |
|---|---|---|
| 70-ഉം അതിനു മുകളിലും | എ | 30 മാർക്ക് |
| 60 മുതൽ 69 വരെ | ബി | 24 മാർക്ക് |
| 50 മുതൽ 59 വരെ | സി | 18 മാർക്ക് |

8, 9 ക്ലാസുകളിൽ പഠിക്കുമ്പോൾ സംസ്ഥാനതല ഐ.ടി. മേളയിൽ പങ്കെടുത്ത് ലഭിക്കുന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ പത്താം ക്ലാസിൽ ഇതേ ഇനത്തിൽ റവന്യൂ ജില്ലാതലത്തിലെങ്കിലും എ ഗ്രേഡ് ലഭിച്ചിരിക്കണം.

16. സംസ്ഥാന ഐ.ടി.മേളയിൽ മികച്ച റവന്യൂ ജില്ലയ്ക്കും HS, HSS/VHSS വിഭാഗങ്ങളിലെ മികച്ച സ്കൂളുകൾക്കും ചാമ്പ്യൻഷിപ്പ് നൽകുന്നതാണ്. ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതിന് ഗ്രേസ് പോയിന്റ് കണക്കാക്കുന്ന വിധം ചുവടെ ചേർക്കുന്നു.

**a. ഗ്രേഡ് പോയിന്റ്**

| | | |
|---|---|---|
| എ ഗ്രേഡ് | - | 5 പോയിന്റ് |
| ബി ഗ്രേഡ് | - | 3 പോയിന്റ് |
| സി ഗ്രേഡ് | - | 1 പോയിന്റ് |

**b. പ്ലേസ് പോയിന്റ്**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | 5 പോയിന്റ് |
| രണ്ടാം സ്ഥാനം | - | 3 പോയിന്റ് |
| മൂന്നാം സ്ഥാനം | - | 1 പോയിന്റ് |

ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഗ്രേഡ് പോയിന്റിന്റേയും പ്ലേസ് പോയിന്റിന്റേയും ആകെ തുകയാണ് പരിഗണിക്കേണ്ടത്. എല്ലാ മത്സരങ്ങളും പരിഗണിക്കേണ്ടതാണ്.

17. സംസ്ഥാനതല ഐടി മത്സരങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളുടെ ക്രോഡീകരണം ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്കായിരിക്കും

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

1. ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
2. ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
5. ഐ.ടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർ